"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - **KEAM 2025** സർക്കാർ നിയന്ത്രിത കോസ്റ്റ് ഷെയറിംഗ് കോളേജുകളിലും സ്വാശ്രയ കോളേജുകളിലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് നടപടികൾ പൂർത്തിയായ ശേഷം ഒഴിഞ്ഞ് കിടക്കുന്ന സീറ്റുകളിലേയ്ക്ക് പ്രവേശനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**G.O.(Rt)No.1084/2025/HEDN** തീയതി,തിരുവനന്തപുരം, **11-08-2025**

---

പരാമർശം:-

1. **19.02.2025** തീയതിയിലെ സ.ഉ (സാധാ) നം. **97/2025**/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. കേരള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് സമർപ്പിച്ച നിവേദനം.
3. **01.08.2025** തീയതിയിലെ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ **CAPEHQ/780/2024-A(ACD) 138** നമ്പർ കത്ത്.
4. **08.08.2025** തീയതിയിലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **CEE/380/2025-TA5** നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം **(1)** പ്രകാരം **2025 KEAM** പ്രോസ്പെക്ടസ് അംഗീകരിച്ച് ഉത്തരവായിരുന്നു. **2025-26** അദ്ധ്യയന വർഷം മുതൽ **AICTE** അനുവദിച്ച അക്കാദമിക് യോഗ്യതയുള്ള പ്രവേശന പരീക്ഷ കമ്മീഷണറുടെ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികളെ ബി.ടെക് ലാപ്സ്ഡ് സീറ്റുകളിൽ സ്പോട്ട്

അഡ്മിഷൻ വഴി പ്രവേശിപ്പിക്കുന്നതിന് സ്ഥിരമായ ഉത്തരവ് നൽകണമെന്ന് വിവിധ കോളേജ് മാനേജ്മെന്റുകൾ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു. കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയ പൂർത്തിയാക്കിയ ശേഷം, CAPE എഞ്ചിനീയറിംഗ് കോളേജുകളിലെ ബി.ടെക് കോഴ്സിൽ കാലഹരണപ്പെട്ട സീറ്റുകളിൽ വിദ്യാർത്ഥികളെ AICTE മാനദണ്ഡങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രവേശിപ്പിക്കാൻ സർക്കാർ അനുമതി നൽകണമെന്ന് കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് നടപടികൾക്ക് ശേഷം ഒഴിഞ്ഞ് കിടക്കുന്ന സീറ്റുകളിലേയ്ക്ക് (Lapsed Seats) AICTE മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ ലിസ്റ്റ്, സാങ്കേതിക സർവ്വകലാശാലയുടെ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായായിരിയ്ക്കും എന്ന നിബന്ധനയോടെ 2025-26 അദ്ധ്യയന വർഷം സ്വന്തമായി പ്രവേശനം നടത്താൻ എല്ലാ സർക്കാർ നിയന്ത്രിത കോസ്റ്റ് ഷെയറിംഗ് കോളേജുകൾക്കും സ്വാശ്രയ കോളേജുകൾക്കും അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

3. KEAM മുഖാന്തിരമല്ലാതെ നേരിട്ട് പ്രവേശനം നൽകിയ വിദ്യാർത്ഥികൾക്ക് നിയമാനുസൃത സംവരണം ഉറപ്പാക്കുന്നതിനും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ പ്രവേശന പരീക്ഷാ കമ്മീഷണർ, രജിസ്ട്രാർ, എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല, എന്നിവർ ഉറപ്പാക്കേണ്ടതാണ്.

4. മേൽ ഉത്തരവ് പ്രകാരം പ്രോസ്പെക്ടസിൽ മാറ്റം വരുത്തുന്നതിന് വേണ്ട നടപടികൾ പ്രവേശന പരീക്ഷാ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

C AJAYAN

ADDITIONAL SECRETARY

പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം

മാനേജർ, അഡ്മിഷൻ സൂപ്പർവൈസറി & ഫീ റഗുലേറ്ററി കമ്മിറ്റി, തിരുവനന്തപുരം.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല, തിരുവനന്തപുരം
ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം. (for press release)
ഡയറക്ടർ, കോപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE), വള്ളക്കടവ് പി ഓ, തിരുവനന്തപുരം-8.
ഡയറക്ടർ, ഐ എച്ച് ആർ ഡി, തിരുവനന്തപുരം.
ഡയറക്ടർ, എൽ.ബി.എസ് സെന്റർ, തിരുവനന്തപുരം.
പ്രസിഡന്റ്, കേരള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ, എറണാകുളം. (KSFECMA)
പ്രസിഡന്റ്, കേരള കാത്തോലിക് എഞ്ചിനീയറിംഗ് കോളേജസ് മാനേജ്മെന്റ്സ് അസോസിയേഷൻ (KCEMA)
പ്രസിഡന്റ്, അസോസിയേഷൻ ഓഫ് മാനേജ്മെൻ്റ് ഓഫ് ക്രിസ്റ്റിയൻ ഓട്ടോണോമസ് എഞ്ചിനീയറിംഗ് കോളേജ് ഓഫ് കേരള (AMCAECK)
പ്രസിഡന്റ്, ആർക്കിടെക്ടർ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ (ACMA)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ,വിവര-പൊതുജനസമ്പർക്ക വകുപ്പ്.
**www.highereducation.kerala.gov.in**
കരുതൽ ഫയൽ/ഓഫീസ് കോപ്പി (G3/199/2025-HEDN)

ഉത്തരവിൻ പ്രകാരം

Signed by
Deepa N S
Date: 11-08-2025 17:28:13

സെക്ഷൻ ഓഫീസർ